**POLICE DEPARTMENT**

**KERALA**

**No.S3-19112/2018/PHQ**
Police Headquarters,
Thiruvananthapuram
phq.pol@kerala.gov.in
04712721547
Dated. 24-02-2018

**Circular No.03/2018**

Sub : ഇൻറ്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രൊസസിങ് സിസ്റ്റം (iAPS) മോട്ടോർ ട്രാൻസ്പോർട്ട് മാനേജ്മെന്റ് മോഡ്യൂൾ നടപ്പിലാക്കുന്നതിനുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.-

Ref : 1) 30-06-2010 ലെ സർക്കാർ ഉത്തരവ് നം.2178/2010/ആഭ്യ
2)പി എച്ച് ക്യൂ സർക്കുലർ നമ്പർ 23/2012
3)പി എച്ച് ക്യൂ സർക്കുലർ നമ്പർ 24/2012
4)പി എച്ച് ക്യൂ സർക്കുലർ നമ്പർ 33/2012
5)പി എച്ച് ക്യൂ സർക്കുലർ നമ്പർ 26/2013
6)പി എച്ച് ക്യൂ സർക്കുലർ നമ്പർ 01/2015
6)പി എച്ച് ക്യൂ സർക്കുലർ നമ്പർ 01/2018
6)പി എച്ച് ക്യൂ സർക്കുലർ നമ്പർ 02/2018

**മേൽസൂചനയിലെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥനത്തെ എല്ലാ പോലീസ് ഓഫീസുകളിലും, പോലീസ് സ്റ്റേഷനുകളിലും ഭരണപരമായ കാര്യങ്ങൾ iAPS ലൂടെ നടത്തിവരുകയാണ്. iAPSൽ ഉൾക്കൊള്ളിച്ചിട്ടുള്ള മോട്ടോർ ട്രാൻസ്പോർട്ട് മാനേജ്മെന്റ് മോഡ്യൂളിന്റെ കൃത്യമായ നടത്തിപ്പിനായി താഴെ കൊടുത്തിരിക്കുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

1. ഓരോ യൂണിറ്റിലും നല്കിയിട്ടുള്ള എല്ലാ വാഹനങ്ങളുടെ വിവരങ്ങളും [ഓൺ റോഡ്, ഓഫ് റോഡ് ഉൾപ്പെടെ) iAPS ലെ മോട്ടോർ ട്രാൻസ്പോർട്ട് മാനേജ്മെന്റ് എന്ന മൊഡ്യൂളിൽ 28/02/2018-നകം ചേർത്തിരിക്കേണ്ടതാണ്. ആയതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർക്ക് / ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് മാത്രമായിരിക്കും. പുതുതായി അനുവദിക്കുന്ന വാഹങ്ങളുടെയും മറ്റു യൂണിറ്റിൽ നിന്ന് ട്രാൻസ്ഫർ ചെയ്തു കിട്ടുന്ന വാഹനങ്ങളുടെ വിവരങ്ങളുമെല്ലാം ഇതിൽ ചേർക്കേണ്ടതാണ്.
2. ഓരോ വാഹനത്തിനും ദൈനംദിനം വരുന്ന ചിലവുകൾ (ഇന്ധനം, സർവീസ്, റിപ്പയർ, സ്പേയർ പാർട്സ് മുതലായവ) അതത് സ്റ്റേഷനിലെ റൈറ്റർമാരോ സമാന ചുമതലയുള്ള ഉദ്യോഗസ്ഥരോ മൊഡ്യൂളിൽ ചേർക്കേണ്ടതാണ്. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഇൻവോയിസുകൾ മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർ / ചുമതലപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിക്കേണ്ടതും ആയതിന്റെ കൃത്യത ഉറപ്പുവരുത്തിയതിനു ശേഷം മാത്രം iAPSലെ മോട്ടോർ ട്രാൻസ്പോർട്ട് മാനേജ്മെന്റ് മൊഡ്യൂളിൽ ചേർക്കേണ്ടതുമാണ്.
3. വാഹനങ്ങൾ ഓഫ് റോഡ് ആകുന്നതും പിന്നീട് ഓൺ റോഡ് ആകുന്നതും അതാത് സമയം തന്നെ ബന്ധപ്പെട്ട മോട്ടോർട്രാൻസ്പോർട്ട് ഓഫീസർ / ചുമതലപ്പെട്ട ഉദ്യോഗസ്ഥർ iAPSലെ മോട്ടോർ ട്രാൻസ്പോർട്ട് മാനേജ്മെന്റ് മൊഡ്യൂളിൽ ചേർക്കേണ്ടതാണ്.
4. ഉപയോഗശൂന്യമാകുന്ന വാഹനങ്ങൾ കണ്ടെമ്നേഷൻ (Condemnation) നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറക്ക് മോട്ടോർ ട്രാൻസ്പോർട്ട് ഓഫീസർ / ചുമതലപ്പെട്ട ഉദ്യോഗസ്ഥർ iAPSലെ മോട്ടോർ ട്രാൻസ്പോർട്ട് മാനേജ്മെന്റ് മൊഡ്യൂളിൽ ചേർക്കേണ്ടതാണ്.
5. എല്ലാ യൂണിറ്റിലുമുള്ള എല്ലാ വാഹനങ്ങളുടെയും മേൽപ്പറഞ്ഞ കാര്യങ്ങൾ iAPSലെ മോട്ടോർ ട്രാൻസ്പോർട്ട് മാനേജ്മെന്റ് മൊഡ്യൂളിൽ കൃത്യമായി ചെയ്യുന്നു എന്ന് മോട്ടോർ ട്രാൻസ്പോർട്ട് ഡി.വൈ.എസ.പി. ഉൾപ്പെടെയുള്ള

മേലുദ്യോഗസ്ഥർ പരിശോധിക്കേണ്ടതും ഉറപ്പുവരുത്തേണ്ടതും ആണ്.

6. സൂപ്രണ്ട് ഓഫ് പോലീസ്, മോട്ടോർ ട്രാൻസ്പോർട്ട് എല്ലാ മാസവും മോട്ടോർ ട്രാൻസ്പോർട്ട് മൊഡ്യൂളിൻറെ നടത്തിപ്പിലുള്ള പുരോഗതി അവലോകനം ചെയ്യേണ്ടതും ആവശ്യമായ നടപടി കൈക്കൊള്ളേണ്ടതും ആണ്.

**സീനിയർ ഉദ്യോഗസ്ഥർ നടത്തുന്ന കോൺഫറൻസുകളിൽ യൂണിറ്റ് മേധാവിമാരുടെ അധികാരപരിധിയിലുള്ള ഓഫീസുകളിൽ മേൽപ്പറഞ്ഞ മോഡ്യൂളുകൾ കൃത്യമായി നടപ്പിലാക്കുന്നുണ്ടോ എന്ന് അവലോകനം ചെയ്യേണ്ടതും അനുവർത്തന റിപ്പോർട്ട് iAPS അഡ്മിനിസ്ട്രേറ്റർ/നോഡൽ ഓഫീസർക്ക് അയക്കേണ്ടതുമാണ്.**

Loknath Behera IPS
State Police Chief

To : എല്ലാ ലിസ്റ്റ് ബി ഉദ്യോഗസ്ഥർക്കും.

Copy To : സർക്കുലർ ബുക്ക്, സ്റ്റോക്ക് ഫയൽ.

Internal Administrative Processing System iAPS KERALA POLICE